(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം

6 (*486) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ തൊഴിൽ മേഖലയിലേയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള തീവ്രയന്ത പരിപാടിയുടെ പുരോഗതി എന്താണെന്ന് വിശദമാക്കുമോ ;

(ബി) തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള "സിറ്റിസൺസ് ചാർട്ടുകൾ" രൂപവൽക്കരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അവയുടെ ഘടനയും പ്രവർത്തന രീതിയും എപ്രകാരമാണെന്ന് അറിയിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ മുതൽ ലേബർ കമ്മീഷണർ വരെയുള്ള ഉദ്യോഗസ്ഥന്മാർക്ക് ലഭിക്കുന്ന അപേക്ഷകളും പരാതികളും, തൊഴിൽ തർക്ക നിയമത്തിലെ തൊഴിൽ കേസുകൾ ഉൾപ്പെടെയുള്ളവ സമയബന്ധിതമായി പരിഹരിക്കുന്നതിനും, ഒത്തുതീർപ്പാക്കുന്നതിനുമായി തൊഴിൽ വകുപ്പ് ഒരു തീവ്രയത്ന കർമ്മ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് നിലവിലുള്ള തൊഴിൽ തർക്ക ഗ്രാറ്റുവിറ്റി കേസ്സുകളിലും, ഭൂരഹിത കർഷകത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് അപേക്ഷകളിലും തീർപ്പ് കണ്ടെത്തുന്നതിലേക്കായി പ്രാദേശിക തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് തൊഴിൽ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ 3 മാസത്തിലൊരിക്കൽ ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ അവലോകന യോഗങ്ങളിലും, പ്രാദേശിക തലത്തിൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിലും, തൊഴിൽ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി സമയബന്ധിതമായി തീർപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകുന്നുണ്ട്. കൂടാതെ കുറഞ്ഞ കൂലി നൽകുന്നത് സംബന്ധിച്ച്, നിയമ പ്രകാരമുള്ള പരിശോധനകൾ കർശനമാക്കുകയും, മിനിമം കൂലി നൽകാത്ത തൊഴിലുടമകൾക്കെതിരെ അവകാശപത്രിക നൽകി, തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നുണ്ട്. കശുവണ്ടി മേഖലകളിൽ തൊഴിൽ നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി, കൊല്ലം റീജിയണൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ ഫാക്ടറീസ് വകുപ്പ്, പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സ്പെഷ്യൽ സ്ക്വാഡുകൾ പരിശോധന നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു കരട് സിറ്റിസൺ ചാർട്ടർ രൂപീകരിക്കുകയും അത് ഭരണപരിഷ്കരണ കമ്മിറ്റിയുടെ അഭിപ്രായത്തിനായി അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഭരണപരിഷ്കാര കമ്മിറ്റിയുടെ അഭിപ്രായം അടിസ്ഥാനമാക്കിയും സർക്കാരിന്റെ അംഗീകാരത്തിന് അനുസൃതമായും ഇക്കാര്യത്തിൽ കൂടുതൽ വിശദമായ നടപടികൾ സ്വീകരിച്ചുവരുന്നു.

അണക്കെട്ടുകളുടെ നവീകരണം

7 (*487) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അണക്കെട്ടുകളുടെ നവീകരണം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം അണക്കെട്ടുകളാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) ഇതു സംബന്ധിച്ച് കേന്ദ്ര ജല കമ്മീഷൻ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം അണക്കെട്ടുകൾ നവീകരിക്കാൻ ആണ് ജല കമ്മീഷൻ ശുപാർശ നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) അണക്കെട്ടുകളുടെ നവീകരണത്തിനായി കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായം ലഭിച്ചിരുന്നോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) വിശദമായ പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനതല ഡാം സേഫ്റ്റി കമ്മിറ്റി പൂർത്തിയായതും ഭാഗികമായി പൂർത്തിയായതുമായ പതിനഞ്ച് ഡാമുകളും മൂന്നു ബാരേജുകളും സന്ദർശിച്ച് വേണ്ട സുരക്ഷിതത്വ നടപടികൾക്കുള്ള നിർദ്ദേശങ്ങൾ നല്കിവരുന്നു. ഇതനുസരിച്ചുള്ള പണികൾ അതാതു പദ്ധതിയുടെ ചുമതലുയുള്ള ചീഫ് എഞ്ചിനീയർമാരാണ് നടത്തി വരുന്നത്. സംസ്ഥാനത്തെ ഡാമുകളുടെ നവീകരണത്തിന് ആവശ്യമായ പണികളുടെ വിശദാംശങ്ങൾ അടങ്ങിയ എസ്റ്റിമേറ്റുൾപ്പെടെ 33.35 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly